**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2025** | **09-02-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ജലപാത വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ദേശീയ ജലപാത വികസിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സംസ്ഥാനത്തെ ഏതെല്ലാം നദികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | കോവളം മുതൽ കാസറഗോഡ് ബേക്കൽ വരെ നീണ്ടുകിടക്കുന്ന 616 കി.മീ. ദൈർഘ്യമുള്ള വെസ്റ്റ് കോസ്റ്റ് കനാൽ എന്നറിയപ്പെടുന്ന ജലപാതയിൽ കൊല്ലം മുതൽ കോഴിക്കോട് കല്ലായിപ്പുഴ വരെ 328 കി.മീ. കേന്ദ്രസർക്കാർ ദേശീയ ജലപാത NW-3 ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ ഭാഗത്തെ വികസന പ്രവർത്തനങ്ങൾ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) യുടെ അധീനതയിലാണ് നടന്നുവരുന്നത്. ജലപാതയുടെ ബാക്കി വരുന്ന കൊല്ലം മുതൽ കോവളം വരെയും, കോഴിക്കോട് കല്ലായിപ്പുഴ മുതൽ കാസറഗോഡ് ബേക്കൽ വരെയും നിലവിൽ സംസ്ഥാന ജലപാതയാണ്. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗത്തുകൂടി ഒഴുകുന്ന ദേശീയ ജലപാത NW3 ൽ ഉൾപ്പെട്ട നദികളുടെ ഭാഗങ്ങൾ ചുവടെ ചേർക്കുന്നു :<br><br>i) തോട്ടപ്പള്ളി സ്പിൽവേയ്ക്കും വിയപുരത്തിനുമിട യിലുള്ള ലീഡിംഗ് ചാനലും വിയപുരം മുതൽ വേമ്പനാട് കായൽ വരെയുള്ള പമ്പാനദി.<br><br>ii) പെരിയാർ, കരിവന്നൂർപ്പുഴ, കാഞ്ഞിരമുക്കപ്പുഴ, ഭാരതപ്പുഴ, തിരൂർ-പൊന്നാനിപ്പുഴ, കീരനല്ലൂർപ്പുഴ, കടലുണ്ടിപ്പുഴ, വടക്കുംപാട് പുഴ, ചാലിയാർ പുഴ, കല്ലായിപ്പുഴ.<br><br>ദേശീയ ജലപാത NW 8 ആയിട്ടുള്ള ആലപ്പുഴ – ചങ്ങനാശ്ശേരി കനാലിലൂടെ പമ്പ, മണിമല എന്നീ നദികളുടെ കൈവഴികൾ കടന്നുപോകുന്നു.<br><br>ദേശീയ ജലപാത NW 9 ആയിട്ടുള്ള ആലപ്പുഴ – കോട്ടയം- അതിരമ്പുഴ കനാലിലൂടെ മീനച്ചിലാറിന്റെ കൈവഴികൾ കടന്നുപോകുന്നു. |

| | | | |
|---|---|---|---|
| | | | ദേശീയ ജലപാത NW-13 ആയിട്ടുള്ള പൂവാർ മുതൽ ഇരയിമൻതുറ വരെയുള്ള എ.വി.എം. കനാലിന്റെ പൂവാർ മുതൽ 2.8 കി.മീ. സംസ്ഥാന ത്തിലൂടെ കടന്നു പോകുന്നു.<br><br>ദേശീയ ജലപാത NW 59 ആയിട്ടുള്ള കോട്ടയം-വൈക്കം കനാലിലൂടെ മീനച്ചിലാറും അതിന്റെ കൈവഴികളും കടന്നുപോകുന്നു. |
| (ബി) | പ്രസ്തുത ജലപാത വഴി ചരക്കു നീക്കം ഉൾപ്പെടെയുള്ളവയ്ക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ട കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി സർക്കാർ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ അധീനതയിൽ വരുന്ന ദേശീയ ജലപാത-3 ന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗത്ത് ആവശ്യമായ ടെർമിനലുകൾ നിർമ്മിച്ച് വികസിപ്പിച്ചിട്ടുണ്ട്.<br><br>കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ദേശീയജലപാതയുടെ വികസനത്തിനായുള്ള രൂപരേഖ IWAI തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ജലപാതയിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിൽ വരുന്ന കൂട്ടായി ലോക്ക് കം ബ്രിഡ്ജ് എന്ന പ്രവൃത്തിയുടെ രൂപരേഖ ഉൾനാടൻ ജലഗതാഗത വകുപ്പ് IWAI-ക്ക് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ വരുന്ന വെളിയംകോട് ലോക്ക് കം ബ്രിഡ്ജിന്റെ പ്രവൃത്തി NABARD ധനസഹായത്തോടു കൂടി നടന്നുവരുന്നു. ദേശീയ ജലപാതാ -3 ന്റെ ഭാഗമായി പൊന്നാനി ചേറ്റുവ കനാൽ 12.698 കി.മീ നീളത്തിൽ ആഴം കൂട്ടൽ പ്രവൃത്തി പൂർത്തീകരിച്ചു. |
| (സി) | ഇക്കാര്യത്തിന്മേലുള്ള കേന്ദ്ര നിലപാട് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള ദേശീയ ജലപാതയുടെ വികസനത്തിനായുള്ള രൂപരേഖ IWAI തയ്യാറാക്കിയതിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞതിനു മറുപടി IWAI യ്ക്ക് നൽകിയിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയുമുള്ള ജലപാതകളെ ദേശീയ ജലപാതകളായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ഇപ്പോൾ ഇത് ഏറ്റെടുക്കാൻ കഴിയില്ലെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ